(സി) സന്ദർശകരെയും തടവുകാരെയും നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജയിലുകളിൽ തടവുകാരെ നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. സർവൈലൻസ് സംവിധാനവും തടവുകാരെ പരിശോധിക്കുന്നതിന് മെറ്റൽ ഡിറ്റക്ടറും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ (നിർവ്വഹണം) ചട്ടങ്ങളും നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വാർഡർമാരും ഉന്നത ഉദ്യോഗസ്ഥരും എല്ലാ ബ്ലോക്കുകളും സെല്ലുകളും പരിശോധിക്കുന്നുണ്ട്.

(ബി-ഡി) നിലവിൽ തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും സി.സി.ടി.വി. സർവൈലൻസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ വിയ്യൂർ, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ മുവാറ്റുപുഴ, സബ് ജയിൽ ആലുവ, സബ് ജയിൽ മട്ടാഞ്ചേരി, സബ് ജയിൽ എറണാകുളം, സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ നെയ്യാറ്റിൻകര, സബ് ജയിൽ ആറ്റിങ്ങൽ, വനിതാ ജയിൽ തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി, സബ് ജയിൽ കണ്ണൂർ, വനിതാ ജയിൽ കണ്ണൂർ എന്നിവിടങ്ങളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സബ് ജയിൽ കോഴിക്കോട്, സബ് ജയിൽ കൊയിലാണ്ടി, സബ് ജയിൽ വടകര, ജില്ലാ ജയിൽ മാനന്തവാടി, സ്പെഷ്യൽ സബ് ജയിൽ വൈത്തിരി, ജില്ലാ ജയിൽ ഹോസ്ദുർഗ്, സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ് എന്നീ സ്ഥാപനങ്ങളിൽ സി.സി.ടി.വി സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സി.സി.ടി.വി സംവിധാനം കൂടാതെ ഏതാനും ജയിലുകളിൽ മെറ്റൽ ഡിറ്റക്ടറും ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകരെയും തടവുകാരെയും നിരീക്ഷിക്കാനുള്ള സൗകര്യവും സി.സി.ടി.വി. സർവൈലൻസ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സൈബർഡോം പദ്ധതികൾ

151 (4486) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർഡോം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ടെക്നോ പാർക്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു സൈബർ ഡോം തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങളിൽ ശാസ്ത്രീയ അന്വേഷണം നടത്തുന്നതിന് സഹായിക്കുന്നതിനായിട്ടാണ് സൈബർ ഡോം സ്ഥാപിക്കുന്നത്.

(സി) ഇതുസംബന്ധിച്ച് വകുപ്പുതല ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ടെക്നോപാർക്കിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

റാഗിംഗിന് വിധേയനായ അഹബ് ഇബ്രാഹിമിന്റെ മരണം

152 (4487) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംഗ്ലൂർ ആചാര്യ പോളിടെക്നിക്ക് കോളേജിൽ റാഗിംഗിന് വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞ ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യിദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ മരണത്തിന് ഉത്തരവാദി കളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് അഹബിന്റെ രക്ഷിതാക്കൾ സമർപ്പിച്ച പരാതിയിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/14 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; അന്വേഷണം ഊർജ്ജിതമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പരാതിയിന്മേൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിൽ, മരണപ്പെട്ട അഹബ് പഠിച്ചിരുന്ന ബാംഗ്ലൂരിലെ ആചാര്യ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ താമസ സ്ഥലത്ത് 27-1-2014-ന് വീണ്

LIBRARY ARCHIVES Kerala Legislative Assembly